# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1534. 07.06.2018-ന് മറുപടിയ്ക്ക്

**കിഴക്കേകോട്ടയിലെ അനധികൃത കൈയ്യേറ്റ കച്ചവടസ്ഥാപനങ്ങൾ ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഭൂമി അനധികൃതമായി കൈയ്യേറ്റം നടത്തി കൈവശം വച്ചനുഭവിക്കുന്നത് ഒഴിപ്പിച്ചെടുക്കേണ്ട ഉത്തരവാദിത്വം റവന്യൂ വകുപ്പിനു മാത്രമാണോ, അല്ലെങ്കിൽ മറ്റ് ഏത് വകുപ്പുകൾക്കുകൂടിയാണ്; വിശദമാക്കുമോ | (എ) സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി അനധികൃത കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം, 1957 പ്രകാരം റവന്യൂ തദ്ദേശസ്വയംഭരണം, വനം, ഇറിഗേഷൻ, പൊതുമരാമത്ത് വകുപ്പുകൾക്ക് അധികാരമുണ്ട് പഞ്ചായത്തിരാജ് നഗരപാലിക നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 പ്രകാരം പൊതുമരാമത്ത് വകുപ്പ് അധികാരികൾ എന്നിവർക്കും അവരുടെ അധികാര പരിധിയിൽ വരുന്ന സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരമുണ്ട്. |
| (ബി) തിരുവനന്തപുരം കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിനുചുറ്റുമുള്ള കച്ചവടസ്ഥാപനങ്ങൾ അനധികൃത കൈയ്യേറ്റമാണെന്ന് വ്യക്തമായിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) എങ്കിൽ ഇത് ഒഴിപ്പിച്ചെടുക്കുന്നതിന് റവന്യൂ ഉൾപ്പെടെയുള്ള അധികാ രികൾ വിവിധ തീയതികളിൽ സ്വീകരിച്ച കർമ്മ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഇതിന്റെ ഫലമായി കൈയ്യേറ്റം എത്ര സ്ഥലം കൈയ്യേറ്റക്കാരിൽ നിന്ന് ഒഴിപ്പിക്കാനായി; വ്യക്തമാക്കുമോ; | (ബി) യും (സി) യും കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിനുചുറ്റും പാട്ടത്തിന് നൽകിയിരുന്നതും പിന്നീട് പാട്ടം റദ്ദാക്കിയതുമായ സ്ഥലത്ത് കച്ചവട സ്ഥാപനങ്ങൾ നിലവിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതൊഴികെയുള്ള അനധികൃത കയ്യേറ്റങ്ങൾ യഥാസമയം തന്നെ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.<br><br>കെ.എസ്.ആർ.ടി.സി കിഴക്കേകോട്ട ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സർവ്വെ നമ്പർ 659-ൽ പെട്ട, കെ.എസ്.ആർ.ടി.സിയുടെ പേരിൽ പട്ടയം ലഭ്യമായിട്ടുള്ള 72.250 സെന്റ് സ്ഥലത്ത് നിരവധി കച്ചവടക്കാർ അനധികൃതമായി കച്ചവടം നടത്തിവരുന്നുവെന്നും പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കെ.എസ്.ആർ.ടി.സി എം.ഡി അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റങ്ങൾ - ഒഴിപ്പിക്കുന്നതിന് തിരുവനന്തപുരം തഹസിൽദാർ (എൽ.ആർ)-ന് നിർദ്ദേശം നൽകിയിരുന്നു. 04/08/16-ന് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കച്ചവടസ്ഥാപനങ്ങളെ അടിയന്തിരമായി ഒഴിപ്പിച്ച് പ്രസ്തുത ഭൂമി കെ.എസ്.ആർ.ടി.സിക്ക് പൂർണ്ണമായി ലഭ്യമാക്കാൻ തീരുമാനമെടുത്തിരുന്നു.<br><br>ഇതിനെ തുടർന്ന്, ജില്ലാ കളക്ടറുടെ ചേംബറിൽ 02/12/2016-ൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കിഴക്കേകോട്ട കാത്തിരിപ്പ് കേന്ദ്രത്തിന് പരിസരത്തുള്ള കച്ചവടക്കാരെ ഒഴിപ്പിക്കുമ്പോൾ പുനരധിവസിപ്പിക്കുന്നതിനായി കിഴക്കേകോട്ട കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ കിഴക്കുവശത്തുള്ള ഡ്രെയിനേജ് റോഡിനോട് ചേർന്ന് |

കച്ചവടക്കാർക്ക് 80 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ബങ്ക് നിബന്ധനയ്ക്ക് വിധേയമായി സ്ഥാപിക്കുന്നതിന് യോഗത്തിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ ഈ സ്ഥലം കച്ചവടസ്ഥാപനങ്ങൾക്ക് അനുയോജ്യമല്ലെന്ന കാരണത്താൽ കച്ചവടക്കാർ പ്രസ്തുത സ്ഥലം സ്വീകരിക്കാൻ തയ്യാറായില്ല. ഇതിനെ തുടർന്ന് തിരുവനന്തപുരം തഹസിൽദാർ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടുകൃഷി എന്ന് റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണപ്പെടുന്നതും നിലവിൽ ഗവ. ഹോമിയോ ആശുപത്രിയുടെ വസ്തുവിനോടൊപ്പം ചേർന്നു കിടക്കുന്നതും പഴവങ്ങാടി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന പത്മവിലാസം റോഡിൽ ഉദ്ദേശം 50 മീറ്റർ ചെല്ലുമ്പോൾ കാണുന്നതുമായ 5.364 സെന്റ് സ്ഥലം കച്ചവടക്കാർക്ക് അനുവദിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു.റവന്യൂ, ഗതാഗത, സഹകരണ വകുപ്പ് മന്ത്രിമാർ, കെ.എസ്.ആർ.ടി.സി എം.ഡി, ജില്ലാ കളക്ടർ, കേരള വ്യാപാരി-വ്യവസായി ഏകോപന സമിതി പ്രതിനിധികൾ എന്നിവർ 09/05/2018-ൽ യോഗം ചേരുകയും ഹോമിയോ കോളേജിന്റെ കൈവശമുള്ള വഴിയായി ഉപയോഗിച്ചിരുന്ന പുറമ്പോക്ക് ഭൂമി മാനുഷിക പരിഗണന നൽകി 20 വഴിയോരക്കച്ചവടക്കാർക്ക് അവരുടെ ഉപജീവനത്തിനുവേണ്ടി കച്ചവടം ചെയ്യാൻ വിട്ടു നൽകാനും തീരുമാനമെടുത്തിരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഈ ഗവൺമെന്റ് കാലാവധി തീരും മുമ്പേ കൈയ്യേറ്റം ഒഴിപ്പിക്കൽ സാധ്യമാവുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | സമയബന്ധിതമായി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കു മെന്ന പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങാതെ സ്ഥലം ഒഴിപ്പിച്ച് എടുക്കാൻ ആത്മാർത്ഥമായ നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | ആദ്യം അനധികൃതമായി കച്ചവട സ്ഥാപനങ്ങൾ കെട്ടുകയും പിന്നീട് അത് ഉദ്യോഗസ്ഥരുടെ പിൻബലത്തിൽ നിലനിർത്തുകയും ചെയ്യുന്നവർക്ക് ഗവൺമെന്റ് പകരം സ്ഥലം വിട്ട് നൽകുകയോ അല്ലെങ്കിൽ ഗവൺമെന്റ് സ്ഥലത്ത് കെട്ടിടം കെട്ടി അനധികൃത കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്ന പ്രവണത നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ? | (എഫ്) | ഇത്തരം പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ